# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1725 — 25/03/2013 ൽ മറുപടിയ്ക്ക്

## പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ബഹു.മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) ഈ സർക്കാർ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് |

(1) സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി.

(2) വേമ്പനാട് ഇക്കോ ഡവലപ്മെന്റ് അതോറിറ്റി.

(3) വേമ്പനാട് കായലിൽ പതിക്കുന്ന നദികൾക്കായി പ്രത്യേക നദീതട സംരക്ഷണ പദ്ധതി.

(4) പ്ലാൻ സ്കീമുകളിൽ എൻവയോൺമെന്റൽ ബഡ്ജറ്റിങ്.

(5) ബി.എം.സി. കളെ പാരിസ്ഥിതിക പ്രബോധനത്തിന്റെയും സംരക്ഷണത്തിന്റെയും കേന്ദ്രങ്ങളാക്കുന്നതിന് നടപടി.

(6) ശബരിമല സീറോ വേസ്റ്റ് പദ്ധതി

(7) ഉടുമ്പൻചോല ജൈവവൈവിധ്യ സംരക്ഷണ പദ്ധതി

(8) ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പദ്ധതി

(9) ഏലൂർ കുഴിക്കണ്ടം തോട് പുനരുദ്ധാരണ പദ്ധതി

(10) 'പാരിസ്ഥിതികം' പദ്ധതിയിലൂടെ പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പരിപാടികൾ

(11) ഭൂമിത്രസേന ക്ലബ്ബുകൾ വഴി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ.

(12) 'ഹരിതശാല'പദ്ധതിയിലൂടെ സൗജന്യ ജലഗുണനിലവാര പരിശോധന.

(13) അമ്പൂർ-ചന്ദിരൂർ കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്.

(14) ജനശാക്തീകരണത്തിലൂടെ നീർത്തട ആവാസ പുനസ്ഥാപനം.

(15) സംസ്ഥാന പരിസ്ഥിതിനയം പുതുക്കുന്നതിനു നടപടി.

(16) സംസ്ഥാനത്തെ വികസന പദ്ധതികൾക്ക് മുൻകൂർ പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനായി, സംസ്ഥാനതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി രൂപീകരിച്ചു.

(17) വികസന പദ്ധതികളിൽ പാരിസ്ഥിതിക പരിഗണനകളും, പരിസ്ഥിതി നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നു എന്നുറപ്പാക്കുന്നതിനായി സർക്കാർ തലത്തിൽ അനുമതികൾ നൽകുന്നതിനുമുമ്പ് പരിസ്ഥിതി വകുപ്പുമായി പര്യാലോചിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചു. ഇത് സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

| | |
|---|---|
| (ബി) സർക്കാർ സഹായം നൽകുന്ന എത്ര ഏജൻസികൾ പരിസ്ഥിതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കുമോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത ഏജൻസികൾക്ക് ഓരോന്നിനും നൽകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) താഴെ പറയുന്ന മൂന്ന് ഏജൻസികൾക്ക് പരിസ്ഥിതി പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായം നൽകുന്നുണ്ട്.<br><br>1. പമ്പാ സംരക്ഷണ സമിതി - 55,000/- രൂപ<br><br>2. വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് മണ്ണുത്തി, തൃശ്ശൂർ - 1,60,000/-<br><br>3. ഭൂമിത്രസേന ക്ലബ്ബുകൾ - നിലവിൽ 150 ഭൂമിത്രസേന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ആദ്യ വർഷത്തിൽ 50,000/- രൂപയും തുടർന്നുള്ള വർഷങ്ങളിൽ 20,000/- രൂപയുമാണ് ഭൂമിത്രസേന ക്ലബ്ബുകൾക്ക് നൽകുന്നത്. |

സെക്ഷൻ ഓഫീസർ